(4) അപ്പർ ഷോളയാറിൽനിന്നും കരാർ പ്രകാരം കിട്ടേണ്ട വെള്ളം ലഭ്യമല്ലാത്തതുസംബന്ധിച്ച്

ശ്രീ. പി. ജെ. ജോയി: സർ, ആറ് എം.എൽ.എ.-മാർ നേരിടുന്ന ഒരു പ്രശ്നമാണിത്. തമിഴ്നാട്ടിലെ അപ്പർ ഷോളയാറിൽനിന്നും നമ്മുടെ ഷോളയാറിലേയ്ക്ക് വിട്ടുകിട്ടേണ്ട ജലം ലഭ്യമാകുന്നില്ല. അവിടെ ഇപ്പോൾ വെള്ളത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ട് കർഷകരും തദ്ദേശീയരും വളരെയധികം വിഷമിക്കുകയാണ്. ചാലക്കുടി ഇറിഗേഷൻ പ്രോജക്ടിൽ വെള്ളമില്ല. വെള്ളം ലഭ്യമാക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം കേരളത്തിന് കേരള ഷോളയാറിൽ 12.3 ടി.എം.സി. വെള്ളം ഓരോ വർഷവും കിട്ടണം. ഫെബ്രുവരി 1-ന് കേരള ഷോളയാർ റിസർവോയറിന്റെ എഫ്.ആർ.എൽ. 2663 ഫീറ്റിൽ നിലനിർത്തേണ്ടതാണ്. ഈ തവണ 2644.5 ഫീറ്റ് വെള്ളം വന്നിട്ടുണ്ട്. അതുകൊണ്ട് ഈ പ്രാവശ്യം കുറച്ച് ആശാവഹമാണ്. വേനൽക്കാലത്ത് നമ്മൾ വെള്ളം ക്രമമായി ഉപയോഗിച്ചാൽ വലിയ ബുദ്ധിമുട്ടുകൂടാതെ അവിടത്തെ കാർഷികമേഖലയുടെ പ്രശ്നം പരിഹരിക്കാൻ സാധിക്കും. വൈദ്യുതി ഉൽപാദിപ്പിച്ചതിനുശേഷമാണ് ചാലക്കുടി ഇറിഗേഷൻ പ്രോജക്ടിലേക്ക് ജലം ലഭിക്കുന്നത്.

(5) പഴയ മലബാർ പ്രദേശത്തെ ക്ഷേത്ര ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, പഴയ മലബാർ പ്രദേശത്തെ സർക്കാർ നിയന്ത്രണത്തിലുള്ള 1300-ഓളം ക്ഷേത്രങ്ങളിലെ 9,000-ത്തോളം ജീവനക്കാർ, ന്യായ

10.00 A.M.] മായ വേതനം ലഭിക്കാത്തതുമൂലം കഷ്ടപ്പാടിലാണ്. അവർക്ക് ജീവിക്കാനാവശ്യമായ വേതനത്തിനുവേണ്ടി നിരവധി തവണ മെമ്മോറാണ്ടങ്ങളും മറ്റും സമർപ്പിച്ചിരുന്നു. 60 രൂപ മുതൽ 600 രൂപ വരെ മാസവരുമാനമുള്ളവർ 24 മണിക്കൂറും പ്രവർത്തിക്കേണ്ട മേഖലയാണെന്ന് അങ്ങേയ്ക്ക് അറിയാം. അതുകൊണ്ട് ഈയടുത്ത കാലത്ത് ബഡ്ജറ്റിൽ ഒരു കോടി രൂപ, മൂന്നു കോടി രൂപയായി വർദ്ധിപ്പിച്ചുവെന്ന് കാണുന്നുവെങ്കിലും അത് എന്ന് കൊടുക്കും, സേവന വേതന പരിഷ്ക്കാരം എന്ന് നടത്തും എന്നുള്ളതിനെക്കുറിച്ച് ഒരു ഉറപ്പും ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അവരുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly